പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1606 11.08.2017-ലെ മറുപടിക്ക്

## വോൾവോ ബസുകൾ

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ക്ക് എത്ര വോൾവോ ബസുകളാണുള്ളത് ; ഇവയുടെ ഡിപ്പോ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (എ) | കെ.എസ്.ആർ.ടി.സി ക്ക് നിലവിൽ 12 ബസുകളും കെ.യു.ആർ.ടി.സിയുടെ കീഴിൽ 190 ബസുകളുമാണുള്ളത്.<br>കെ.എസ്.ആർ.ടി.സി യുടെ വോൾവോ എ.സി. ബസുകൾ അനുവദിച്ചിട്ടുള്ള ഡിപ്പോകൾ<br>ആലപ്പുഴ - 1,<br>എറണാകുളം - 2,<br>കോട്ടയം - 2,<br>കോഴിക്കോട് - 1,<br>തിരുവനന്തപുരം സെൻട്രൽ - 6<br><br>കെ.യു.ആർ.ടി.സി യുടെ വോൾവോ എ.സി. ബസുകൾ അനുവദിച്ചിട്ടുള്ള ഡിപ്പോകൾ<br>മലപ്പുറം - 8<br>കോഴിക്കോട് - 13<br>കല്പറ്റ - 6<br>പത്തനംതിട്ട - 7<br>കോട്ടയം - 10<br>തൊടുപുഴ - 8<br>തൃശ്ശൂർ - 12<br>പാലക്കാട് - 10<br>കൊല്ലം - 13<br>ആലപ്പുഴ - 13<br>തിരുവനന്തപുരം (ഈഞ്ചക്കൽ) - 39<br>എറണാകുളം (തേവര) - 51 |
| (ബി) | വോൾവോ ബസുകളുടെ അറ്റകുറ്റ | (ബി) | എ.സി വോൾവോ ലോ ഫ്ലോർ ബസുകളുടെ |

| | | | |
|---|---|---|---|
| | പ്പണിക്ക് ഇപ്പോൾ എന്തു സംവി ധാനമാണ് ഉള്ളത്; കേന്ദ്രീകൃത മായി ഇതിന്റെ അറ്റകുറ്റപ്പണി ഏതെങ്കിലും കമ്പനിക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കമ്പനിക്ക്; | | പരിപാലനം, വോൾ വോ കമ്പനിയുടെ അംഗീകൃത ഡീലറായ M/s. Vista Driveline Motors നിന്നും നിയോഗിക്കപ്പെട്ട വിദഗ്ധ രായ സൂപ്പർ വൈസർമാരുടെ മേൽ നോട്ട ത്തിൽ കെ.എസ്.ആർ.ടി.സിയുടെ മെക്കാനി ക്കുകളാണ് നിർവഹിച്ചുവരുന്നത്. കൂടുതൽ സങ്കീർണമായ റിപ്പയറുകൾ പ്രസ്തുത സ്ഥാപന ത്തിന്റെ ആലപ്പുഴ ജില്ലയിലുള്ള വർക് ഷോപ്പിലാണ് നിർവഹിക്കുന്നത്. അറ്റകുറ്റ പ്പണികൾക്കായുള്ള സ്പെയർ പാർട്സുകളും ഈ കമ്പനിയിൽ നിന്നുതന്നെയാണ് വാങ്ങുന്നത്. |
| (സി) | ഈ കമ്പനിയെ തെരഞ്ഞെടു ത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; ഇതു സംബന്ധിച്ച് കമ്പനിയുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടി ട്ടുണ്ടോ; ഉണ്ടെങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ; കെ. എസ്.ആർ.ടി.സി യുടെ ഡയറക്ടർ ബോർഡ് ഇതിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | വോൾ വോ ബസുകളുടെ നിർമ്മാതാവായ M/s. Volvo Buses India Pvt Ltd എന്ന കമ്പനിയുടെ കേരളത്തിലെ ഏക അംഗീകൃത ഡീലർ എന്ന നിലയിലാണ് ഈ കമ്പനിയെ തിരഞ്ഞെടുത്തത്. കെ.യു.ആർ.ടി.സി യുടെ ഡയറക്ടർ ബോർഡ് ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | എന്നു മുതലാണ് കരാർ പ്രാബല്യ ത്തിലായിട്ടുള്ളത്; ഇതിനോടകം എത്ര ബസുകളുടെ അറ്റകുറ്റപ്പണി യാണ് കമ്പനി നടത്തിയിട്ടുള്ളത്; എത്ര രൂപ ഈ ഇനത്തിൽ കമ്പനിക്ക് ഇതിനോടകം നൽകി | (ഡി) | ഒന്നാം ഘട്ട ജനറം പദ്ധതി വോൾവോ ബസ്സു കളെ സംബന്ധമായ കരാർ 2009 മുതൽ പ്രാബല്യത്തിൽ വരുകയും രണ്ടാം ഘട്ടം ജനറം പദ്ധതി വോൾവോ ബസ്സുകൾ ലഭിച്ചപ്പോൾ, 01-10-2015 മുതൽ പുതിയ കരാർ പ്രാബല്യത്തിൽ വരുകയും ചെയ്തു. |

| | | | |
|---|---|---|---|
| | യിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ ഡിപ്പോകളിലെ ബസുകൾക്ക് എത്ര രൂപവീതമാണ് ഈ ഇനത്തിൽ ചെലവാക്കിയിട്ടുള്ളത് എന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ? | | ഇതിന് 24 മാസം കാലാവധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട ജനറം പദ്ധതിയിൽ ലഭിച്ച 80 വോൾവോ ബസ്സുകളും, രണ്ടാം ഘട്ട ജനറം പദ്ധതിയിൽ ലഭിച്ച 110 വോൾവോ ബസ്സുകളും ആണ് കമ്പനി ഇതിനോടകം അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ളത്. (ഈ രണ്ടു ഘട്ടങ്ങളിൽ ആയി ലഭിച്ച 190 ബസ്സുകൾ വിവിധ സമയങ്ങളിലായി 2068 തവണ കമ്പനിയിൽ അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ട്.) 11,40,48,206 രൂപ (രൂപ പതിനൊന്നു കോടി നാല്പതു ലക്ഷത്തി നാല്പത്തിയെണ്ണായിരത്തി ഇരുന്നൂറ്റി ആറ് മാത്രം) അറ്റകുറ്റപ്പണികൾക്കായി കെ.എസ്.ആർ.ടി.സി കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്.<br><br>എറണാകുളം - 49043138 /-<br>തിരുവനന്തപുരം സിറ്റി - 25398436 /-<br>തിരുവനന്തപുരം സെൻട്രൽ - 19699775/-<br>തൊടുപുഴ - 1702332 /-<br>പാലക്കാട് - 987871 /-<br>കോട്ടയം - 1811968 /-<br>കൊല്ലം - 2165341 /-<br>തൃശ്ശൂർ - 1417981 /-<br>പത്തനംതിട്ട - 2202163 /-<br>മലപ്പുറം - 511761 /-<br>കൽപ്പറ്റ - 1147744 /-<br>കോഴിക്കോട് - 1583910 /-<br>ആലപ്പുഴ - 6375786 /- |

സെക്ഷൻ ഓഫീസർ